**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 203** **21-01-2021 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ലോട്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി .ഡി. സതീശൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അനിൽ അക്കര ,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി)** | |
| (എ) | കേരള പേപ്പർ ലോട്ടറി നിയന്ത്രണ നിയമത്തിന് 2018-ൽ വരുത്തിയ ഭേദഗതി സംസ്ഥാനത്തിന്റെ അധികാരത്തിൽ കവിഞ്ഞതും നടപ്പിലാക്കുവാൻ ആകാത്തതും ആണെന്ന് കേരള ഹൈക്കോടതി വിധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അതിന്റെ അടിസ്ഥാനത്തിൽ നാഗാലാന്റ് സംസ്ഥാന ലോട്ടറിയുടെ മാർക്കറ്റിംഗിലും വില്പനയിലും സംസ്ഥാന ഉദ്യോഗസ്ഥർ ഇടപെടരുതെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇതരസംസ്ഥാന ലോട്ടറികളുടെ കടന്നുവരവ് സംസ്ഥാന ലോട്ടറിയെ എപ്രകാരം ബാധിക്കും; വിശദമാക്കുമോ; | (സി) | നിലവിൽ ഇതര സംസ്ഥാന ഭാഗ്യക്കുറികളൊന്നും കേരളത്തിൽ വിൽപ്പന നടത്തുന്നില്ല. 27.07.2017 -ലെ SRO No. 470/2017 (G.O.(P) No. 93/2017/Taxes) നമ്പർ പ്രകാരമുള്ള GST ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ചുമാത്രമെ കേരളത്തിൽ ടിക്കറ്റുകൾ വിൽക്കാൻ സാധിക്കുകയുള്ളൂ. ഇടനിലക്കാർ വഴി നടത്തുന്ന ഇതര സംസ്ഥാന ലോട്ടറികൾ ചട്ട വിരുദ്ധമായും സംസ്ഥാന താല്പര്യം ലംഘിച്ചും നടത്തപ്പെടുന്നവയാണ് എന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്. സാദ്ധ്യമായ എല്ലാ നിയമ നടപടികളും വിനിയോഗിച്ച് ചട്ട വിരുദ്ധത തടയും. |
| (ഡി) | നാഗാലാന്റ് ലോട്ടറി വിൽക്കുന്ന സംസ്ഥാനത്തെ ലോട്ടറി ഏജന്റുമാർക്ക് കേരളസംസ്ഥാന ലോട്ടറി നൽകേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ; | (ഡി) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റുമാർ, സബ് ഏജന്റുമാർ, വിൽപ്പനക്കാർ, Retailers എന്നിവർ അന്യസംസ്ഥാന ഭാഗ്യക്കുറികൾ വിൽപ്പന നടത്താൻ പാടില്ലായെന്ന നിബന്ധനകൾ ഉൾപ്പെടുത്തിയ ലോട്ടറി റഗുലേഷൻ റൂൾ നിലവി ലുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തി ക്കുന്നവരുടെ ഏജൻസി |

| | | | |
|---|---|---|---|
| | | | റദ്ദ് ചെയ്യുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും ടി റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഇ) | നിലവിലെ സാഹചര്യത്തിൽ ഇതരസംസ്ഥാന ലോട്ടറികളുടെ കടന്നുവരവ് എപ്രകാരം നിയന്ത്രിക്കുവാനാണ് സർക്കാർ ആലോചിക്കുന്നത്; | (ഇ) | നാഗാലാന്റ് ലോട്ടറിയുടെ നടത്തിപ്പിന് അനുകൂലമായി WP(C) 34025/2019-ന്മേൽ ബഹു. ഹൈക്കോടതി സിംഗിൾ ബഞ്ച് വിധി പറഞ്ഞിട്ടുണ്ടെങ്കിലും ടി വിധിക്കെതിരെ 07/01/2021-ന് റിട്ട് അപ്പീൽ (WA 78/2021) ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. GST ചട്ടങ്ങളിൽ അനുശാസിക്കുന്ന നിബന്ധ നകൾ അനുസരിച്ച് മാത്രമെ സംസ്ഥാനത്തിനു ള്ളിൽ ഇതര സംസ്ഥാന ലോട്ടറികൾ വിൽക്കാൻ സാധിക്കുകയുള്ളൂ. ലോട്ടറി റെഗു ലേഷൻ ആക്ട്, റൂൾസ് എന്നിവ പ്രകാരം ലഭ്യ മായ അധികാരങ്ങൾ ഉപയോഗിച്ച് നിയമം പാലിക്കുന്നു എന്നത് കർശനമായി ഉറപ്പു വരുത്തും. |
| (എഫ്) | ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എഫ്) | ഹൈക്കോടതി വിധിക്കെതിരെ WA 78/2021 എന്ന നമ്പർ റിട്ട് അപ്പീൽ07/01/2021-ന് ഡിവിഷൻ ബഞ്ച് മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ